**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2129** **01-09-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗവും തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ- ഹെൽത്ത് പദ്ധതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ആയത് നടപ്പാക്കുന്നതിൽ വിവിധ വകുപ്പുകളിൽ വന്ന കാലതാമസത്തിന്റ കാരണം വിശദമാക്കാമോ; | (എ) | ഇല്ല. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നെറ്റ്‌വർക്ക്, യുപിഎസ് കേബിളിങ് ജോലികൾ പൂർത്തീകരിച്ചിരുന്നെങ്കിലും മെഡിക്കൽ കോളേജ് ആശുപത്രിയിലെ വൈദ്യുത ലോഡ് വർദ്ധിച്ച സാഹചര്യത്തിൽ നിലവിലെ ഫീഡറിൽ നിന്നും ഉയർന്ന ഫീഡറിലേക്ക് വൈദ്യുതി കണക്ഷൻ മാറ്റുന്ന പ്രവർത്തികൾ കെ.എസ്.ഇ.ബി. പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടി. മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ടി പ്രവർത്തി കെ.എസ്.ഇ.ബി പൂർത്തീകരിക്കുന്ന മുറക്ക് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിക്കുവാനും ഓൺലൈനായി ഒ.പി. ടിക്കറ്റ് അപ്പോയിന്റ്മെന്റ് ഉടങ്ങിയ എല്ലാവിധ സേവനങ്ങളും ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | ഇ - ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന രീതികളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | ഇ-ഹെൽത്ത്പദ്ധതി നിർവ്വഹണത്തിനുള്ള അനുമതിയും ഫണ്ടും ആകുന്ന മുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ നെറ്റ് വർക്കിംഗ്, ഹാർഡ്‌വെയർ, ബ്രോഡ് ബാൻഡ് കണക്ടിവിറ്റി എന്നിവ പൂർത്തീകരിച്ചാണ് ഇ-ഹെൽത്ത് പദ്ധതി നിലവിൽ ആശുപത്രികളിൽ ആരംഭിക്കുന്നത്.<br><br>ഒരു വ്യക്തിയുടെ ആരോഗ്യവിവരങ്ങളെ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീ സൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാസംവിധാനം പ്രാവർത്തിക |

മാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കി വരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്റ്റിനു വേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിൽസ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയും ഉള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിരക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്.

UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) അടിസ്ഥാനപ്പെടുത്തി രോഗ നിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി രജിസ്ട്രേഷൻ, ടോക്കൺ ഡിസ് പ്ലേ അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മെന്റ്, കൺസൾ ട്ടേഷൻ, ലാബിലെയും, എക്സ്-റെ, ഇ.സി.ജി ഉൾപ്പെടെയുള്ള പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കംപ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായി തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത ഡോക്ടർമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്ന നിർദ്ദേശം ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കുന്നുണ്ടെന്നും പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (സി) | എല്ലാ അത്യാഹിത വിഭാഗങ്ങളിലും അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത ഡോക്ടർമാരുടെ സാന്നിധ്യം ഉറപ്പ് വരുത്താൻ തീരുമാനിക്കുകയും ഇതു സംബന്ധിച്ച് എല്ലാ മെഡിക്കൽ കോളേജുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ എന്നിവരുടെ നേതൃത്വത്തിൽ ഡ്യൂട്ടി സംബന്ധിച്ച മോണിറ്ററിംഗ് നടക്കാറുണ്ട്. ഡ്യൂട്ടി ഡോക്ടർമാരുടെ ദൈനംദിന വിവരം കാഷ്വാലിറ്റിയിൽ പ്രദർശിപ്പിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ കാർഡിയോളജി, ന്യൂറോസർജറി വിഭാഗങ്ങളിലുള്ള അസിസ്റ്റന്റ് പ്രൊഫസർമാരുടെ സേവനം ഓൺ കോൾ/സ്റേറ ഡ്യൂട്ടി ആണോ എന്ന് വിശദമാക്കാമോ? | (ഡി) | മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ കാർഡിയോളജി അസിസ്റ്റന്റ് പ്രൊഫസറുടെ സേവനം ലഭ്യമാണ്. എന്നാൽ ന്യൂറോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൾ ഡ്യൂട്ടിയാണ് എടുക്കുന്നത് |

സെക്ഷൻ ഓഫീസർ